**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1655** **28-07-2021 - ൽ മറുപടിയ്ക്ക്**

**സൗജന്യ ഭക്ഷ്യകിറ്റിനുള്ള തുണി സഞ്ചികൾ വാങ്ങിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ എം വിൻസെൻറ് | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സൗജന്യ ഭക്ഷ്യകിറ്റിനുള്ള തുണിസഞ്ചികൾ വാങ്ങിയതിൽ വൻ അഴിമതി നടന്നതായി സപ്ലൈകോ വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; | (എ) | സൗജന്യ ഭക്ഷ്യകിറ്റിനുള്ള തുണിസഞ്ചികൾ സപ്ലൈകോയ്ക്ക് നൽകുവാൻ ചുമതലപ്പെടുത്തിയിരുന്ന ചില സ്ഥാപനങ്ങൾ ക്രമക്കേട് നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ടെൻഡർ നടപടികൾ കൂടാതെ സഞ്ചികൾ വാങ്ങുന്നതിന് സപ്ലൈകോ ഓർഡർ നൽകാനിടയായ സാഹചര്യം എന്താണെന്ന് അറിയിക്കുമോ; ഇപ്രകാരം എത്ര സ്ഥാപനങ്ങൾക്ക് ഓർഡർ നൽകിയിട്ടുണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ; | (ബി) | സപ്ലൈകോ മുഖാന്തിരം കേരള സർക്കാർ നടപ്പിലാക്കുന്ന കിറ്റ് വിതരണത്തിനുള്ള തുണി സഞ്ചികൾ ഹെഡ് ആഫീസ് പ്രകാരമുള്ള വിതരണക്കാർ സമയബന്ധിതമായി ലഭ്യമാക്കാത്ത സാഹചര്യത്തിൽ കുടുംബശ്രീയിൽ നിന്നും തുണി സഞ്ചികൾ വാങ്ങുവാൻ നിർദ്ദേശം നൽകിയത് പ്രകാരം ഡിപ്പോ തലത്തിലാണ് വാങ്ങി വിതരണം ചെയ്തത്. സ്റ്റോർ പർച്ചേസ് വകുപ്പിലെ 10/04/20 ലെ സ.ഉ.(സാധാ) നമ്പർ 10/20/എസ്.പി.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടെൻഡർ കൂടാതെ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും വാങ്ങുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഡിപ്പോ തലത്തിലുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (സി) | മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ ചിലത് അവർക്ക് ലഭിച്ച ഓർഡർ മറ്റ് സ്ഥാപനങ്ങൾക്ക് മറിച്ചു നൽകുകയും പർച്ചേസിംഗ് ഓർഡർ ഇല്ലാതെയും വ്യാജരേഖകൾ ചമച്ചും അഴിമതി നടത്തുന്നതിന് അവസരമൊരുക്കുകയും ചെയ്തുവെന്ന ആക്ഷേപത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ; | (സി) | ഇത്തരത്തിൽ പരാതികൾ ലഭിച്ചിട്ടില്ല. |
| (ഡി) | സംസ്ഥാനം കോവിഡ് മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് ആശ്വാസമേകുന്നതിനായി അനുവദിച്ച സൗജന്യ കിറ്റ് വിതരണത്തിൽ വൻ അഴിമതി നടന്നുവെന്ന ആക്ഷേപം ഉയർന്ന സാഹചര്യത്തിൽ | (ഡി) | കിറ്റ് വിതരണത്തിൽ അഴിമതി നടന്നുവെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ഉത്തരവാദപ്പെട്ടവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ